പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5741

28.03.2018 ൽ
മറുപടിക്ക്

## പോലീസുകാർക്ക് ബോഡി ക്യാമറ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി.ആർ. സുനിൽ കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് പോലീസുകാരുടെ തോളിലോ ബെൽറ്റിലോ ഘടിപ്പിക്കാവുന്ന തരത്തിൽ ബോഡി ക്യാമറ പോലീസ് സേനക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) പോലീസുകാരുടെ യൂണിഫോമിൽ ഘടിപ്പിക്കാവുന്ന തരത്തിലുള്ള 50 ബോഡിവോൺ ക്യാമറകളാണ് ലഭ്യമാക്കിയിട്ടുള്ളത്. |
| ബി) ഗതാഗത നിയന്ത്രണം, സംഘർഷ സ്ഥലങ്ങളിലെ ദൃശ്യങ്ങൾ പകർത്തൽ എന്നിവയ്ക്ക് പുറമേ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ബോഡി ക്യാമറ ഉപയോഗപ്പെടുത്താൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ; | ബി) ഗതാഗത നിയന്ത്രണം, സംഘർഷ സ്ഥലങ്ങളിലെ ദൃശ്യങ്ങൾ പകർത്തൽ എന്നിവയ്ക്ക് പുറമേ ക്രൈം ഇൻവെസ്റ്റിഗേഷൻ, ക്രമസമാധാനപാലനം എന്നീ ആവശ്യങ്ങൾക്കും ബോഡിവോൺ ക്യാമറകൾ ഉപയോഗപ്പെടുത്താവുന്നതാണ്. |
| സി) പ്രസ്തുത ക്യാമറയുടെ സവിശേഷതകളും അത് കൈമാറുന്ന ദൃശ്യങ്ങളുടെയും വിവരങ്ങളുടെയും ശേഖരണവും പരിശോധിക്കലും നടപടിയെടുക്കലും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) ക്രമസമാധാനപാലനം, ക്രൈം ഇൻവെസ്റ്റിഗേഷൻ, ട്രാഫിക് നിയന്ത്രണം തുടങ്ങിയ ഡ്യൂട്ടികൾ ചെയ്യുമ്പോൾ റിക്കോർഡിംഗ് സൗകര്യമുള്ളതിനാൽ, പ്രതികൾക്കെതിരെ കോടതിയിൽ തെളിവായി സമർപ്പിക്കാൻ കഴിയുന്ന ദൃശ്യങ്ങൾ കൺട്രോൾ റൂമിൽ നിന്നും വീക്ഷിക്കാവുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. ആവശ്യകത അനുസരിച്ച് യഥാസമയം സേനാവിന്യാസം നടത്തി ക്രമസമാധാനപാലനം ഉറപ്പാക്കുവാനും കഴിയുന്നതാണ്. ദൃശ്യങ്ങൾ ലൈവ് ട്രാൻസ്മിഷനായി കൺട്രോൾ റൂമിൽ ലഭിക്കുന്നതിനാൽ ഏതൊരു അടിയന്തിര |

സാഹചര്യത്തിലും പോലീസിന് കാര്യക്ഷമമായി ഇടപെടാൻ സാധിക്കും. Push to Talk (PTT) സൗകര്യമുള്ള അത്യാധുനിക ക്യാമറ ആയതിനാൽ ഫീൽഡ് ഓഫീസർമാർക്ക് കൺട്രോൾ റൂം ഓഫീസർമാരുമായി പരസ്പരം ആശയവിനിമയം നടത്തുന്നതിനും, ക്രൈം സീനുകൾ ഉൾപ്പെടെയുള്ള മുഴുവൻ ദൃശ്യങ്ങളും റിക്കാർഡ് ചെയ്യാനും സാധിക്കുമെന്നതിനാൽ വരുംകാലങ്ങളിൽ ദൃശ്യങ്ങൾ പരിശോധിക്കുന്നതിനും അന്വേഷണം മറ്റൊരു ഏജൻസിക്ക് കൈമാറുകയാണെങ്കിൽ ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത ദൃശ്യങ്ങൾ കാണുന്നതിനും തുടരന്വേഷണങ്ങൾക്ക് കൂടുതൽ ഗുണകരമാകുകയും ചെയ്യുന്നതാണ്.

ഡി) ഭാവിയിൽ കുറ്റാന്വേഷണം, ക്രമസമാധാന പരിപാലനം, വീട്ടു പരിശോധന എന്നീ മേഖലകളിലേക്കും ബോഡിക്യാമറ ഉപയോഗിക്കുന്നതിന് സാധിക്കുമോ; വ്യക്തമാക്കുമോ;

ഇ) പോലീസുകാരുടെ പെരുമാറ്റവും പരിശോധനാ വിധേയമാക്കാൻ കഴിയുന്ന തരത്തിൽ ജനങ്ങളുമായി ഇടപെടുന്ന പോലീസ് വിഭാഗങ്ങളിൽ ബോഡിക്യാമറ വ്യാപകമായി ഉപയോഗിക്കുന്നതിന് തയ്യാറാകുമോ?

ഡി) യും ഇ) യും: വാങ്ങിയിട്ടുള്ള ക്യാമറകളുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം ഭാവിയിൽ മറ്റ് മേഖലകളിലേയ്ക്ക് ഉപയോഗിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ